ഉത്തരം

(എ) ഊരുകൂട്ടങ്ങളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് പദ്ധതികൾ തയ്യാറാക്കുന്നത്. അപ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയാണ് നടപ്പിലാക്കുന്നത്. ഊരുകൂട്ടങ്ങൾ വിളിച്ചുകൂട്ടി പ്രാദേശികമായിട്ടുള്ള ആവശ്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്ന ആവശ്യങ്ങളെ മുൻഗണനാക്രമത്തിൽ പ്രോജക്ടുകളായി രൂപപ്പെടുത്തി ബന്ധപ്പെട്ട സമിതികളുടെ അംഗീകാരത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതുമുതൽ നടപ്പിലാക്കുന്നതുവരെയുള്ള കാര്യങ്ങളിൽ ഊരുകൂട്ടത്തിന് പ്രധാന പങ്കുണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി വയ്ക്കുന്നു.†

പ്രാചീന ഗോത്ര സമൂഹ വിഭാഗങ്ങൾ

54 [5430] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാചീന ഗോത്ര സമൂഹത്തിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഏതെല്ലാം പ്രദേശങ്ങളിലാണ് ഉള്ളതെന്നും ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കൊറഗ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കുറുമ്പർ, കാടർ എന്നീ അഞ്ചു സമുദായങ്ങളാണ് പ്രാചീന ഗോത്ര സമൂഹത്തിൽ ഉൾപ്പെടുന്നത്.

(ബി) കൊറഗ വിഭാഗക്കാർ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലും കാട്ടുനായ്ക്കൻ വയനാട് ജില്ല മുഴുവനും മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് എന്നിവിടങ്ങളിലും ചോലനായ്ക്കൻ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലും കുറുമ്പർ പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തും കാടർ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് എന്നിവിടങ്ങളിലും കാണപ്പെടുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും പ്രാചീന ഗോത്ര വിഭാഗത്തിൽപ്പെട്ടവർ അർഹരാണ്. അതിനുപുറമെ ഇവർക്കു മാത്രമായി ഭവന നിർമ്മാണ പദ്ധതിയും, ഈ വിഭാഗക്കാർക്കും അടിയ/പണിയർ എന്നിവർക്കുമായി പ്രത്യേക പരിപാടി എന്നിവയും നടപ്പിലാക്കി വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly